# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ് (1)

**2023 മെയ് 16**

---

## ഉത്സവാന്തരീക്ഷത്തിൽ വരവേറ്റ് സർവകലാശാല; മനം നിറഞ്ഞ് കായിക താരങ്ങൾ

അന്തർ സർവകലാശാലാ കായിക മേളകളിൽ വിജയം നേടിയ കായിക താരങ്ങൾക്ക് ഉത്സവാന്തരീക്ഷത്തിൽ എം.ജി സർവകലാശാലയുടെ ആദരം. പ്രധാന കവാടത്തിനു സമീപത്തുനിന്നും വാദ്യമേളത്തോടെ സ്വീകരിച്ചാനയിച്ച താരങ്ങളെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് സമീപം വൈസ് ചാൻസർ പ്രഫ. സാബു തോമസ്, അർജ്ജുന അവാർഡ് ജേതാവും മുൻ രാജ്യാന്തര വോളിബോൾ താരവുമായ ടോം ജോസഫ്, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

അസംബ്ലി ഹാളിൽ ചേർന്ന സമ്മേളനം വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു. കൂടുതൽ മികവാർന്ന നേട്ടങ്ങൾ കൈവരിക്കുന്നതിന് കായിക താരങ്ങൾക്ക് സർവകലാശാലയുടെ പിന്തുണയുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. പഠനം ഏതു തലത്തിലായാലും അതോടൊപ്പം കായിക ഇനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കണം. സംസ്ഥാന സർക്കാർ കിഫ്ബി ധനസഹായത്തോടെ അനുവദിച്ചിട്ടുള്ള സ്പോർട്സ് കോംപ്ലക്സ് സർവകലാശാലയുടെ കായിക വളർച്ചയ്ക്ക് ഊർജ്ജം പകരുമെന്ന് വൈസ് ചാൻസലർ കൂട്ടിച്ചേർത്തു.

സർവകലാശാലയുടെ ആദരം കായിക താരങ്ങളുടെ ആത്മവിശ്വാസം വർധിപ്പിക്കുമെന്ന് വിശിഷ്ടാതിഥിയായി പങ്കെടുത്ത ടോം ജോസഫ് പറഞ്ഞു. സ്കൂൾ വിദ്യാർഥിയായിരിക്കെ പി.ടി. ഉഷയിൽനിന്ന് സ്വർണ മെഡൽ ഏറ്റുവാങ്ങിയപ്പോഴുണ്ടായ സന്തോഷം അദ്ദേഹം അനുസ്മരിച്ചു. അർപ്പണ ബോധത്തോടെ കഠിനാധ്വാനം ചെയ്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ താരങ്ങൾ ശ്രമിക്കണമെന്ന് ടോം ജോസഫ് നിർദേശിച്ചു.

2021-2022, 2022-2023 വർഷങ്ങളിൽ അഖിലേന്ത്യാ അന്തർ സർവകലാശാലാ, ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ ചാമ്പ്യൻഷിപ്പുകളിൽ വിജയം നേടിയവരെ ആദരിച്ച ചടങ്ങിൽ. 2021-2022 വർഷം കായിക മേഖലയിൽ മികവു പുലർത്തിയ കോളജുകൾക്കുള്ള പുരസ്കാരവും സമ്മാനിച്ചു.

എം.എ കോളജ് കോതമംഗലം, യു.സി. കോളജ് ആലുവ, മഹാരാജാസ് കോളജ് എറണാകുളം എന്നിവ യഥാക്രമം ഒന്നുമുതൽ മൂന്നുവരെ സ്ഥാനങ്ങൾ നേടി.

സിൻഡിക്കേറ്റ് അംഗം പി. ഹരികൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ്, പരീക്ഷാ കൺട്രോളർ സി.എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു എന്നിവർ സംസാരിച്ചു. വിവിധ കോളജുകളുടെ മാനേജർമാർ, പ്രിൻസിപ്പൽമാർ, അധ്യാപകർ തുടങ്ങിവർ പങ്കെടുത്തു.

(പി.ആർ.ഒ/39/512/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**